എന്നിവർ അംഗങ്ങളായും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് കൺവീനറു മായ സമിതിയെയാണ് സർക്കാർ നിയമിച്ചത്.

(സി) ഉണ്ട്.

(ഡി) ശുപാർശകളുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തി രിക്കുന്നു.†

(ഇ) ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) &(ജി) ചർച്ച നടത്തുന്നതാണ്.

20 (*250) ആസ്ട്രേലിയൻ സഹായത്തോടെ മത്സ്യക്കൃഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്ട്രേലിയൻ സർക്കാരിന്റെ സഹായത്തോടെ സംസ്ഥാ നത്ത് മത്സ്യക്കുഞ്ഞു വളർത്തൽ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കടലിൽ മത്സ്യ ക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയാരംഭിച്ചിട്ടുണ്ടോ;

(ഡി) "സീറാഞ്ചിംഗ്" പദ്ധതിയുടെ ഫലമായി മത്സ്യത്തൊഴിലാളി കൾക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) അമിത ചൂഷണം മൂലം നാശോൻമുഖമായി കൊണ്ടിരിക്കുന്ന കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്കു നേട്ട മുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

21 (*251) തിരുവനന്തപുരം-കൊല്ലം ജലപാത

ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം, കൊല്ലം ജലപാത ഗതാഗതയോഗ്യമാക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിൽ കനാൽ വീതികൂട്ടുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുന്നുണ്ടോ;

(സി) ഇതിനുവേണ്ടി കനാലിന്റെ വശങ്ങളിലെ താമസക്കാരെ ഒഴിപ്പിക്കേണ്ടതുണ്ടോ; കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമോ;

(ഡി) ഇതിനുള്ള പണം ഏതൊക്കെ ഏജൻസികളാണ് മുടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര ഗവൺമെന്റ് സഹായം ഈ പദ്ധതിക്ക് ലഭ്യമാണോ;

(എഫ്) കോവളം കനാലിന്റെ വികസനം ഇതോടൊപ്പം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഈ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ ഇതോടൊപ്പം ഏകോപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(എച്ച്) വർക്കല തുരങ്കം സംരക്ഷിക്കുന്നതിന് ഈ പദ്ധതിയിൽ ഏതെങ്കിലും നിർദ്ദേശം ഉണ്ടോ;

(ഐ) ഇത് എന്നത്തേയ്ക്ക് ഗതാഗതയോഗ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ടി.എസ്. കനാലിന്റെ ഭാഗമായ തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള ജലപാതയിൽ കോവളം മുതൽ നടയറ വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി ഒന്നാംഘട്ടമായും, നടയറ മുതൽ കൊല്ലം വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടി രണ്ടാം ഘട്ടമായും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കോവളം മുതൽ നടയറ വരെയുള്ള ഭാഗം സഞ്ചാരയോഗ്യമാക്കുന്നതിന് 19.50 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതിലേക്കായി വശങ്ങളിലെ ചില പ്രദേശങ്ങളിലെ താമസക്കാരെ ഒഴിപ്പിക്കേണ്ടതായി വരും. ഒന്നാം ഘട്ടത്തിൽ 14 മീറ്റർ വീതി കൂട്ടുന്നതിനു വേണ്ടി ഏകദേശം 50 ഹെക്ടറോളം സ്ഥലം ഏറ്റെടുക്കേണ്ടതായി വരും.

(ഡി)&(ഇ) പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം ലഭ്യമാക്കാൻ ശ്രമിക്കുന്നത്. കൂടാതെ നബാർഡ് മുതലായ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ട്.

(എഫ്) കോവളം മുതൽ നടയറ വരെയുള്ള കനാലിന്റെ നവീകരണമാണ് ഒന്നാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

(ജി) ഉണ്ട്.

(എച്ച്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഈ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയും, സഹായവും ലഭ്യമാക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

22 (*252) ജനകീയ പങ്കാളിത്തത്തോടെയുള്ള ഗ്രാമവികസനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഗ്രാമീണ ജനവിഭാഗങ്ങൾക്കു കുടിവെള്ളം നൽകാനും കക്കൂസ് നിർമ്മിക്കാനും വേണ്ടി തയ്യാറാക്കിയ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളാണോ;

(ഇ) ഇതിനുവേണ്ടി നടത്തിയ സർവ്വേ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഗ്രാമവികസന വകുപ്പു നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ എല്ലാം തന്നെ 1998-99 വർഷം മുതൽ ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനവുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന ശുചിത്വ ആരോഗ്യമിഷൻ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. ബ്ലോക്കുകൾ പ്രത്യേകമായി തെരഞ്ഞെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗ്രാമവികസന വകുപ്പ് പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലൂടെ നടപ്പാക്കിവരുന്ന എല്ലാ വ്യക്തിഗത പരിപാടികളുടെയും ഗുണഭോക്താക്കളെ ഗ്രാമസഭയുടെ പങ്കാളിത്തത്തോടെയാണ് തെരഞ്ഞെടുക്കുന്നത്.

(ഇ) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നിവയ്ക്കായി സംസ്ഥാനതലത്തിൽ പ്രത്യേക സർവ്വേ നടത്തിയിട്ടില്ല.

23 (*253) കടലാക്രമണം തടയുവാൻ നടപടി

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly